**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3509** **12-03-2025 - ൽ മറുപടിയ്ക്ക്**

**അഗ്രോ പാർക്കുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| (എ) കേരളത്തിൽ കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ടാരംഭിച്ച അഗ്രോ പാർക്കുകളുടെ വിശദാംശം നൽകാമോ; | (എ) കേരളത്തിൽ കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ട് കിഫ്ബിയുടെ ധനസഹായത്തോടെ സംസ്ഥാനത്ത് 5 അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനായി 100.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം | അഗ്രോപാർക്കിന്റെ പേര് | സ്ഥലം | സ്പെഷ്യൽ പർപ്പസ് വെഹിക്കൾ (SPV) | തുക (കോടി രൂപയിൽ) |
|---|---|---|---|---|
| 1. | ബനാന & ഹണി പാർക്ക് | കണ്ണാറ, തൃശ്ശൂർ | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ | 25.13 |
| 2. | നാളികേര പാർക്ക് | വേങ്ങേരി, കോഴിക്കോട് | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ | 20.00 |
| 3. | നാളികേര പാർക്ക് | കൂത്താളി കോഴിക്കോട് | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ | 20.00 |
| 4. | മാംഗോ പാർക്ക് | മുതലമട, പാലക്കാട് | Infrastructure Kerala Limited (INKEL) | 20.00 |
| 5 | വെജിറ്റബിൾ പാർക്ക്, ചേർത്തല | ആലപ്പുഴ | Vegetable & Fruit Promotion Council (VFPCK) | 15.00 |
| **ആകെ** | | | | **100.13** |

ബനാന & ഹണി പാർക്കിന്റെ Detailed Project Report (DPR)-ന് കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും ആയതിന്റെ സിവിൽ പ്രവൃത്തികൾ 95% പൂർത്തീകരിക്കുകയും തേൻ സംസ്കരണത്തിനുള്ള യന്ത്രങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ വേങ്ങേരിയിലും കൂത്താളിയിലും സ്ഥാപിക്കുന്ന നാളികേര പാർക്കുകളുടെ DPR-ന് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭ്യമായിട്ടില്ല.

ആലപ്പുഴ ജില്ലയിലെ ചേർത്തല തെക്ക് വില്ലേജിലെ ബ്ലോക്ക് 28-ൽ റീസർവേ 278-ൽപ്പെട്ടതും കുത്തകപ്പാട്ടമായിരുന്നതും സർക്കാർ തിരികെ എടുത്തതുമായ 114.5 സെന്റ് ഭൂമിയിൽ വെജിറ്റബിൾ അഗ്രോ പാർക്ക് സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ടി ഭൂമി കൃഷി വകുപ്പിന് കൈമാറിക്കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മാംഗോ പാർക്ക് സ്ഥാപിക്കുന്നതിനായുള്ള DPR കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന് അംഗീകാരം ലഭ്യമായിട്ടില്ല.

| | | | |
|---|---|---|---|
| | | | GO(MS) 71/2023/Agri dated 07.08.2023 നമ്പർ ഉത്തരവ് പ്രകാരം അഗ്രോ പാർക്കുകളുടെ നടത്തിപ്പ ചുമതലയും കേരള അഗ്രോ ബിസിനസ്സ് കമ്പനിക്ക് (KABCO) കൈമാറിയിട്ടുണ്ട്. |
| (ബി) | കോഴിക്കോട് ജില്ലയിൽ ഏതൊക്കെ അഗ്രോ പാർക്കുകളാണ് നിലവിലുള്ളത്; പുതിയ അഗ്രോ പാർക്കുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദ വിവരം ലഭ്യമാക്കാമോ; | (ബി) | നിലവിൽ കോഴിക്കോട് ജില്ലയിൽ അഗ്രോ പാർക്കുകൾ സ്ഥാപിച്ചിട്ടില്ല. ജില്ലയിലെ വേങ്ങേരിയിലും കൂത്താളിയിലും നാളികേര പാർക്കുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പാർക്കുകളുടെ DPR ന് കിഫ്ബിയിൽ നിന്ന് അംഗീകാരം ലഭ്യമായിട്ടില്ല. |
| (സി) | പേരാമ്പ്ര മണ്ഡലത്തിൽ കൂത്താളി കൃഷിഫാമിൽ അഗ്രോ പാർക്ക് ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ? | (സി) | നിലവിൽ കോഴിക്കോട് ജില്ലയിൽ അഗ്രോ പാർക്കുകൾ സ്ഥാപിച്ചിട്ടില്ല. ജില്ലയിലെ വേങ്ങേരിയിലും കൂത്താളിയിലും നാളികേര പാർക്കുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പാർക്കുകളുടെ DPR ന് കിഫ്ബിയിൽ നിന്ന് അംഗീകാരം ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ